
Monthly Price: 4 Year: 2011



# ബൈബിൾ ട്രൂത്ത്

# THE BIBLE TRUTH

## മനുഷ്യന്റെ ആത്മാവിന്റെ വഴികൾ-സഭാപ്രസംഗി 12: 7

**നമ്മുടെ ആത്മാവ് ദൈവത്തിൽ നിന്നു വരുന്നു. എബ്രായർ 12.9**

അവന്റെ രൂപത്തിൽ നമ്മുടെ ആത്മാവിനെ മെനഞ്ഞിരിക്കുന്നു-1കൊരിന്ത്യർ 15:49

ആദാമിൽനിന്നും എല്ലാവരും വന്നു-പ്രവൃത്തി.17:26
നാം അവനെ പോലെയാകുന്നു.

↓

ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു-1കൊരിന്ത്യർ 13:11
ദൈവരാജ്യം അങ്ങനയുള്ളവരുടേതല്ലോ.
ലൂക്കൊസ് 18:16.

↓

ആത്മാവിന്റെ പക്വതാ നടപടി (മനസ്, ഹൃദയം, മനസാക്ഷി) ശരീരത്തിന്റേയും.

പാപം ആത്മീയ മരണത്തെ കൊണ്ടുവരുന്നു-
റോമർ 5:12

നന്മതിന്മകളെകുറിച്ചുള്ള അറിവു എല്ലാവരിലും ഉള്ളതുകൊണ്ട് നാമെല്ലാം പാപം ചെയ്യുന്നു- ഉല്പത്തി. 3:22; 1കൊരിന്ത്യർ 15:22; റോമർ 3:23

---

ഈ സമയത്ത് രണ്ട് പോയിന്റ്:

1. തിന്നുവാനും കുടിക്കുവാനും ആനന്ദിക്കുവാനും തുടങ്ങുന്നു 1കൊരിന്ത്യർ 15:32. — മോശം

   ഫലം: റോമർ 1:18-22; എഫേസ്യർ 4:17-19.
   1കൊരിന്ത്യർ 6:9,10
2. പ്രവൃത്തി 2:38; 1കൊരിന്ത്യർ 6:11 →

**പുതിയ ജനനം**
1പത്രോസ് 1:22, 23

ദൈവവചനം കേൾക്കുന്നു അത് വിശ്വസിക്കുന്നു
റോമർ 10:13-15

↓

മാനസാന്തരപ്പെട്ട് പുതിയ നിയമത്തെ സ്വീകരിക്കുന്നു- പ്രവൃത്തി. 3:19;
എബ്രായർ 8:10-12

↓

യേശുവിനോടുചേരുവാൻ സ്നാനം ഏല്ക്കുന്നു- പ്രവൃത്തി. 8:34-39; റോമർ 6:5-11.

↑

കഴുകുന്നു, വിശുദ്ധീകരിക്കുന്നു, നീതീകരിക്കപ്പെടുന്നു

# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000
**Published by Church of Christ**
**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 26** **April 2011** **No.1**

# എഡിറ്റോറിയൽ

എല്ലാ രാജ്യങ്ങളിലും ലൗകികമായ തിരഞ്ഞെടുപ്പുകളുണ്ട്. ജനപ്രതിനിധികളെ ജനങ്ങൾ തിരഞ്ഞെടുക്കുവാൻ കഴിയുന്ന രാജ്യങ്ങളാണ് അധികവും. നമ്മുടെ ഇന്ത്യയിൽ പല തലങ്ങളിൽ തിരഞ്ഞെടുപ്പുകൾ നടത്തുന്നുണ്ട്. ചിലർ തിരഞ്ഞെടുപ്പിൽനിന്നു വിട്ടുനിൽക്കും എന്നാൽ ഭൂരിഭാഗം പേരും അതിൽ പങ്കെടുക്കും. തിരഞ്ഞെടുക്കപ്പെടുന്ന ആളുകൾ പിന്നീട് എങ്ങനെ ഭരണതലത്തിൽ ആയിരിക്കുമെന്നതു വേറെ കാര്യം. മുഖ്യമായ കാര്യം ഈ തിരഞ്ഞെടുക്കപ്പെടുന്നവർ ജനങ്ങളുടെ ജീവിതം നന്നാക്കുന്നതിന് നീതിപൂർവ്വമായ പ്രവർത്തനമാണ് എല്ലാവരും പ്രതീക്ഷിക്കുന്നത്. എന്നാൽ അവർ നിഷ്പ്പക്ഷമായി പ്രവർത്തിക്കേണ്ടവരാണ്. അഴിമതി രഹിതമായ സേവനം നടത്തുകയാണ് അവർ ചെയ്യേണ്ടത്. ഭൗതികമായ നന്മയാൽ സമൂഹം നന്നാവുമെന്ന കാഴ്ച്ചപ്പാടാണ് അധികം പേർക്കും ഉള്ളത്. പക്ഷെ ആത്മീയ അടിത്തറയില്ലാതെ എന്തൊക്കെ നന്മ കൈവരിച്ചാലും അതു ശാശ്വതമല്ല എന്നോർക്കുക.

ഞാൻ പറഞ്ഞതിന്റെ അർത്ഥം എന്തെന്നാൽ മനുഷ്യന് ഭൗതിക അപ്പം മാത്രം പോരാ. മനുഷ്യന്റെ പുറമെ കാണുന്ന ശരീരത്തിനുള്ളിൽ ഒരു ആത്മാവുണ്ട്. ആന്തരികമായ മനുഷ്യന്റെ വ്യക്തിത്വത്തിനു വിശപ്പും ദാഹവുമുണ്ട്. ആ തിരിച്ചറിവ് അധികം പേർക്കുമില്ല. കാരണം ആത്മാവ് അദൃശ്യമാണ്. അധികം പേരും ചിന്തിക്കുന്നത് കാണുന്നതിനെ കുറിച്ചാണ്. എല്ലാവരുടേയും കാഴ്ച്ചപ്പാട് ദൈവികമായി മാറണം. കാരണം മനുഷ്യൻ ദൈവസൃഷ്ടിയാണ്. മനുഷ്യൻ ജനിക്കുമ്പോൾ തന്നെ പല ഗുണങ്ങളോടുകൂടിയാണ് വരുന്നത്. അവയിലൊന്നാണ് ആന്തരികമായ ആഗ്രഹങ്ങൾ. അതു ശരിയായ രീതിയിൽ നിറവേറ്റിയില്ലെങ്കിൽ പ്രശ്നമാകും.

അതു സർവ്വ മനുഷ്യരും തിരിച്ചറിയണം. പ്രായപൂർത്തി എത്തിയ സ്ത്രീ പുരുഷന്മാർ ദൈവത്തേയും ദൈവത്തിന്റെ അരുളപ്പാടുകളെയും അറിയണം. ബൈബിൾ ദൈവത്താൽ നല്കപ്പെട്ടതും മനുഷ്യരുടെ ജീവനും ഭക്തിക്കും വേണ്ടതുമാണ്. ഈ ലോകത്ത് ജീവിക്കുവാൻ നമുക്ക് ജ്ഞാനം ആവശ്യമാണ്. അന്ധതയും അജ്ഞതയുമാണ് എക്കാലത്തും ആളുകളെ കീഴ്പ്പെടുത്തുന്നത്. അന്ധകാരത്തിന്റെ ശക്തിയാണ് ആളുകളെ ഇങ്ങനെ ആക്കുന്നത്. എന്നാൽ ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുമുഖാന്തരം അരുളിച്ചെയ്തിരിക്കുന്നത്, നിങ്ങൾ സത്യം അറിയും സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നാണ്. ദൈവം ഏകനായതുകൊണ്ട് അവനെ തിരഞ്ഞെടുക്കുവാൻ സാധ്യമല്ല. അവനെ വിശ്വാസപൂർവ്വം അംഗീകരിക്കുകയാണ് വേണ്ടത്.

ഭൂമിയിലെ മനുഷ്യന്റെ വാസം താല്ക്കാലികമാണ്. പാപം മനുഷ്യൻ തിരഞ്ഞെടുക്കുന്നതാണ്. ലോകത്തിലേക്ക് പാപം കടന്നുവന്നതുമുതൽ ആളുകൾ നന്മ തിരഞ്ഞെടുക്കുന്നതിനുപകരം തിന്മ തിരഞ്ഞെടുക്കുന്നു. നിയമം പാലിക്കുന്നതിനേക്കാൾ പാലിക്കാതിരിക്കുന്നതിനാണ് പലർക്കും താല്പര്യം. ശരീരത്തിന്റെ ഇച്ഛകൾ ആളുകൾ തിരഞ്ഞെടുക്കുകയാണ്. അവ അരുതാത്ത നിലയിലേക്ക് മാറുന്നു. ശരീരത്തെ ആത്മാവിന് കീഴ്പ്പെടുത്തുവാനാണ് ദൈവം കല്പിച്ചിരിക്കുന്നത്. ആത്മാവിന്റെ ഇച്ഛയാണ് നാം നിവർത്തിക്കേണ്ടത്. ശരീരം നശ്വരവും ആത്മാവ് നിത്യവുമാണ്. നമ്മുടെ ഉള്ളിൽ തന്നിരിക്കുന്ന ആത്മാവിനെ തന്ന ദൈവത്തിന് മടക്കി ഏല്പ്പിക്കുവാനുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. മനുഷ്യനായി ജീവിച്ച യേശുക്രിസ്തു ആ മാതൃക കാണിച്ചു തന്നിട്ടുണ്ട്. അപ്പൊസ്തലന്മാരും ആദ്യക്രിസ്ത്യാനികളും അവ്വണ്ണം തന്നെ ചെയ്തു. അതിന് നാം ഓരോരുത്തരും ദൈവവഴിയിൽ തന്നെ സഞ്ചരിക്കണം. വ്യാജമായ വ്യക്തികളും പ്രസ്ഥാനങ്ങളും ഇന്ന് ധാരാളമുണ്ട്. നാം സത്യത്തെ തിരുവെഴുത്തിൽനിന്നു പരിശോധിച്ച് സ്വീകരിക്കണം. മനുഷ്യരുടെ വഴിയും ദൈവത്തിന്റെ വഴിയും വ്യത്യസ്തമാണ്. ദൈവം മനുഷ്യർക്ക് വെച്ചിരിക്കുന്ന ഏകസ്ഥാനം സ്വർഗമാണ്. നരകം പിശാചിനു വേണ്ടി രൂപപ്പെടുത്തിയതാണ്. പിശാചിനെ അനുസരിക്കുന്ന മനുഷ്യരുടെ ആത്മാക്കളും പിശാചിന് ഒരുക്കിയ സ്ഥാനത്തേക്ക് പോകും. നിങ്ങൾക്ക് സ്വർഗത്തിൽ പോകേണമോ അതോ നരകത്തിൽ പോകേണമോ? തീരുമാനിക്കേണ്ടത് ഓരോ വ്യക്തിയുമാണ്.

✶

# ദുരുപദേശത്തെ സൂക്ഷിക്കുക

## *J.C* ചോട്ട്

ബൈബിൾ ആകുന്ന ദൈവ വചനം മുഖാന്തരം ദൈവം തന്റെ ഇഷ്ടം നമുക്കു വെളിപ്പെടുത്തി തന്നു (എബ്രായർ 1:1,2). നാം അറിയേണ്ടതും രക്ഷിക്കപ്പെടുവാനും നിത്യജീവൻ പ്രാപിക്കുവാനും വേണ്ടതെല്ലാം വെളിപ്പെടുത്തിയിട്ടുണ്ട് (എബ്രായർ 2:1,2). തിരുവെഴുത്തുകൾ എല്ലാം ദൈവശ്വാസീയവും സൽപ്രവൃത്തികളിൽ നമ്മെ തികഞ്ഞവരാക്കുവാൻ പൂർണ്ണവുമാണ് (2 തിമൊഥെയോസ് 3:16, 17). ഞാൻ തന്നെ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുകയില്ല എന്നും കർത്താവ് അരുളിച്ചെയ്തു (യോഹന്നാൻ 14:6). സത്യം നിങ്ങൾ അറിയും, സത്യം നിങ്ങളെ സ്വതന്ത്രരാക്കും എന്നും കർത്താവു പറഞ്ഞു (യോഹന്നാൻ 8:32).

ഈ സത്യമെല്ലാം ദൈവം തന്റെ വചനത്തിൽ രേഖപ്പെടുത്തിയിട്ടും വീണ്ടും ദൂരൂപദേശത്തെ സൂക്ഷിക്കുവാൻ നമ്മോടു മുന്നറിയിച്ചിട്ടുണ്ട് (2 പത്രൊസ് 2:1; 1യോഹന്നാൻ 4:1). ഈ അനുശാസനം നാം വഞ്ചിക്കപ്പെടാതിരിക്കുവാനാണ് (റോമർ 16:17,18 യാക്കൊബ് 1:22). ഈ മുന്നറിയിപ്പുകൾ നല്കിയിട്ടുപോലും ഇന്നു അനേകം ആളുകൾ മതപരമായി വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. എങ്ങനെയാണ് ആളുകൾ വഞ്ചിക്കപ്പെട്ടിരിക്കുന്നത് എന്ന് നാം അറിഞ്ഞിരിക്കണം. അല്ലെങ്കിൽ നാമും തെറ്റായി നയിക്കപ്പെടും.

1 ഏദെൻ തോട്ടത്തിന്റെ നടുവിൽ നിന്നിരുന്ന നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതെന്നു ദൈവം വിലക്കിയിരുന്നു. പക്ഷെ ഭോഷ്ക്ക് വിശ്വസിച്ചതുകൊണ്ടു അവർ പാപം ചെയ്തു. ആ വൃക്ഷ ഫലം തിന്നുന്ന നാളിൽ നിങ്ങൾ മരിക്കും എന്നു ദൈവം കല്പിച്ചിരുന്നു. എന്നാൽ സർപ്പത്തിന്റെ രൂപത്തിൽ വന്ന സാത്താൻ ഹവ്വയോടു പറഞ്ഞതു: നീ ആ വൃക്ഷ ഫലം തിന്നാൽ നിന്റെ കണ്ണു തുറക്കും നീ ദൈവത്തെപോലെ ആകും എന്നായിരുന്നു. അവൾ സാത്താന്റെ വാക്കു വിശ്വസിച്ചു ഫലം പറിച്ചു തിന്നു; ഭർത്താവിനും കൊടുത്തു; അവനും തിന്നു (ഉല്പത്തി 2ഉം 3ഉം അദ്ധ്യായങ്ങൾ). ആ ദിവസം തന്നെ അവർ ആത്മീയമായി

മരിച്ചു . ജീവ വൃക്ഷത്തിന്റെ ഫലം തിന്നാൻ സാധിക്കാത്ത കാലത്തോളം അവർക്ക് ഭൗതികമായും മരിക്കേണ്ടി വന്നു. അവരുടെ പാപത്തിന്റെ ഫലങ്ങൾ വേറെയും അവർ അനുഭവിക്കേണ്ടി വന്നു.

2. ഒരു വ്യക്തിയുടെയോ, സമുദായത്തിന്റെ മുഴുവനായോ ഉണ്ടാകുന്ന സ്വാധീന ശക്തിയാൽ ഒരാൾ വഞ്ചിക്കപ്പെടും. വിലക്കപ്പെട്ട ഫലം തിന്നുവാൻ ആദാമിനെ പ്രേരിപ്പിച്ചത് ഹവ്വയായിരുന്നു (ഉല്പത്തി 3:7). ജനക്കൂട്ടം എവിടെയാണ് പോകുന്നത് എന്നു നോക്കി അവരുടെ കൂടെ ചലിക്കുന്നവർ ഉണ്ട്. ഏറ്റവും വലിയ നാമധേയ വിഭാഗം നോക്കി അതിൽ അംഗത്വം സ്വീകരിച്ച് അഭിമാനം കണ്ടെത്തുന്നവർ ഉണ്ട്. ബഹുജനപക്ഷം ചേർന്നു നാം ദോഷം പ്രവർത്തിച്ചുകൂടാ. യേശുക്രിസ്തു പറഞ്ഞ, നാശത്തിലേക്കു പോകുന്നവർ അനവധിയാണ്. വിശാലമായ വഴി കണ്ടെത്തുന്നവരാണ് ഇങ്ങനെയുള്ളവർ.

3. മാനുഷിക വിവേചനത്താൽ ധാരാളം പേർ വഞ്ചിതരാകുന്നുണ്ട്. അവർക്ക് എന്ത് ഇഷ്ടമോ അതു ചെയ്യുന്നു. കാരണം അതിൽ തെറ്റില്ലെന്നും അതുമാത്രമാണ് ശരിയെന്നും ആണ് അവരുടെ തോന്നൽ. ക്രിസ്ത്യാനികളെ അവസാനം ദൈവം തന്റെ കൃപയാലാണ് രക്ഷിക്കുന്നതെന്നു ന്യായവാദം നടത്തുന്നവർ ഉണ്ട്. ബലഹീനതയെ ന്യായീകരിക്കയാണ് അവർ ചെയ്യുന്നത്. നാമധേയ വിഭാഗത്തിൽ പ്പെടുന്നവരും ബലഹീനരാണ്. അതുകൊണ്ടു ദൈവം അവസാനം അവരേയും രക്ഷിക്കും എന്നു കരുതുന്നവരുണ്ട്. ദൈവത്തിന്റെ കൃപയാണ് നമ്മെ രക്ഷിക്കുന്നത് എന്നത് വാസ്തവമാണ്. എന്നാൽ ദൈവത്തിന്റെ ഭവനത്തിലേക്ക് വീണ്ടും ജനിക്കാത്തവരെ ദൈവത്തിന്റെ കൃപ രക്ഷിക്കയില്ല. കർത്താവു ചെയ്യാൻ പറഞ്ഞ കാര്യങ്ങളെ നിരസിച്ചുകൊണ്ടു കൃപ രക്ഷിക്കും എന്നതു വാസ്തവ വിരുദ്ധമാണ്. സുവിശേഷം കേട്ടു വിശ്വസിച്ച് അനുസരിക്കുമ്പോഴാണ് കർത്താവ് നമ്മെ രക്ഷിക്കുന്നത് (മർക്കൊസ് 16:15,16). അങ്ങനെ കർത്താവിന്റെ സഭയാകുന്ന ഭവനത്തിൽ അംഗമായി തീരണം (മത്തായി 16:18 പ്രവൃത്തി 2:47). അവന്റെ നാമം ധരിച്ചു അവനെ സത്യത്തിലും ആത്മാവിലും ആരാധിച്ച് മരണത്തോളം വിശ്വസ്ഥമായ ക്രിസ്തീയ ജീവതം നയിക്കണം (പ്രവൃത്തി 4:12; വെളിപ്പാട് 2:10). എന്നാൽ ദൈവ ഭവനത്തിലേക്കു ജനിക്കപ്പെ[illegible]ക്കുന്ന[illegible]ക്കു

ദൈവ കൃപ ലഭിക്കുന്നില്ല.

4. ഉപദേഷ്ടാവിന്റെ പ്രസിദ്ധി നിമിത്തം വഞ്ചിക്കപ്പെടുന്നവർ ഉണ്ട്. അയാൾക്കു തന്നിൽ തന്നെ ഒരു ആകർഷണീയത ഉണ്ടാകും. അയാൾ പറയുന്നതെന്തും കേർക്കാൻ രസമുണ്ട്. അവർ അയാളെ പൂർണ്ണമായി വിശ്വസിക്കുന്നു: അദ്ദേഹം പറയുന്നതു ബൈബിളിനു കടകവിരുദ്ധമായാലും അവർക്കു വിരോധമില്ല. അവർ അയാളെ പിന്തുടരും (1 കൊരിന്ത്യർ 1:10–17). പൗലൊസിനെയും അപ്പല്ലോസിനേയു പത്രോസിനേയും മഹത്വം കൊടുത്ത് പിൻ പറ്റുന്നതിനെ പൗലൊസ് ഖണ്ഡിക്കുകയുണ്ടായി. യേശുക്രിസ്തുവിനെ മാത്രമെ ആശ്രയിക്കാവു എന്നാണ് പറഞ്ഞത്. കാരണം അവനാണ് നമുക്കു വേണ്ടി മരിച്ചത്.

5. തെറ്റായ വാഗ്ദാനങ്ങൾ നിമിത്തം വഞ്ചിക്കപ്പെടുന്നവർ ഉണ്ട്. അവർ വിശ്വസിച്ചിരിക്കുന്നത് അവർക്കു, പരിശുദ്ധാത്മ സ്നാനം ലഭിക്കുമെന്നും അത്ഭുതം ചെയ്യുവാൻ കഴിയുമെന്നും അന്യഭാഷകളിൽ സംസാരിക്കാൻ കഴിയുമെന്നും ആണ്. ആ വാഗ്ദാനങ്ങൾ അപ്പൊസ്തലന്മാർക്കു മാത്രമായിരുന്നു എന്നും അല്ലാതെ സാധാരണക്കാർക്കല്ല എന്നും അവർ മനസിലാക്കുന്നില്ല (യോഹന്നാൻ 15:26,27). ഉയിർത്തെഴുന്നേറ്റ ക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുൻപ് ശിഷ്യന്മാരോടു പറഞ്ഞു: എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു (പ്രവൃത്തി 1:8). ഇപ്പോൾ പ്രവൃത്തികളുടെ പുസ്തകം നിങ്ങൾ തന്നെ വായിച്ച് ആർക്കായിരുന്നു ആ വാഗ്ദാനമെന്നും ആരാണ് അവയെല്ലാം ചെയ്തിരുന്നവർ എന്നും തിരിച്ചറിയുക, കർത്താവ് വാഗ്ദാനം ചെയ്യാത്തവർ അതു സ്വീകരിക്കും എന്നു തെറ്റിദ്ധരിച്ചിരിക്കയാണെങ്കിൽ വഞ്ചിതരായിരിക്കയാണ്. ഒരിക്കലും നിങ്ങൾ വഞ്ചിക്കപ്പെടരുത്.

6. തെറ്റായ മതാചാരങ്ങൾ പഠിപ്പിക്കുന്ന മാതാപിതാക്കളുടെ സംരക്ഷണയിൽ വളരുന്ന കുട്ടികൾ ഇപ്രകാരം വഞ്ചിക്കപ്പെട്ടിരിക്കയാണ്. നാം മാതാപിതാക്കളെ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യണം. പക്ഷെ അവരുടെ തെറ്റുകൾ ഒരിക്കലും അനുകരിക്കരുത്. അതുകൊണ്ട് തിരുവെഴുത്തുകൾ വായിച്ച് സത്യം മനസിലാക്ക

ണം.

7. ലോകം, ബഹുഭൂരിപക്ഷത്തെയും ഭൗതിക മേന്മയാലും ലൗകീക ഭോഗത്താലും വഞ്ചിച്ചുകൊണ്ടിരിക്കയാണ്. ലോകത്തെയും ലോകത്തിലുള്ളതിനെയും നാം സ്നേഹിക്കരുത് എന്ന് യോഹന്നാൻ നമ്മെ മുന്നറിയിച്ചിരിക്കുന്നു. നാം ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം നമ്മിൽ ഇല്ല (1യോഹന്നാൻ 2:15-17).

# നിങ്ങൾ എന്തുകൊണ്ടു പ്രാർത്ഥിക്കണം?

## ഡേവിഡ് തർമാൻ

ഒരു ഹോട്ടലിൽ ഒരമ്മയും മകനും ഭക്ഷണം കഴിച്ചു കൊണ്ടിരിക്കയായിരുന്നു. തൊട്ടടുത്തിരുന്ന പ്രായമുള്ള ഒരാളെ ചൂണ്ടിക്കാട്ടി മകൻ അമ്മയെടു പറഞ്ഞു: "നോക്കൂ അമ്മേ ഒരാൾ കുനിഞ്ഞു പ്ലെയിറ്റിനോടു സംസാരിക്കുന്നു." ആ ബാലന് പ്രാർത്ഥന എന്താണെന്നു അറിഞ്ഞുകൂടാ. വാസ്തവത്തിൽ അയാൾ ഭക്ഷണത്തിനു മുമ്പ് ദൈവത്തിനു നന്ദി പ്രകാശിപ്പിക്കയായിരുന്നു. മുതിർന്നവർക്കു പോലും പ്രാർത്ഥനയുടെ ആവശ്യകത അറിഞ്ഞുകൂടാത്ത സ്ഥിതിയാണ് ഇന്നുള്ളത്.

നമ്മുടെ ലോകം ഇന്നു ഭൗതീക ജീവിതത്തിലേക്കു മാത്രമായി ചുരുങ്ങി വരുന്നതുകൊണ്ടു മതപരമായ കാർങ്ങളും പ്രാർത്ഥനയും മറ്റും പഴഞ്ചനായി ആളുകൾ കരുതുന്നു. സ്വർഗ്ഗത്തിന്റെ കവാടം നമ്മുടെ പ്രാർത്ഥനകൊണ്ട് തുറക്കുമോ എന്നു സംശയിക്കുന്നവർ ഉണ്ട്. അവിശ്വാസികൾക്കാണെങ്കിൽ സർവ്വശക്തനിൽ വിശ്വാസം അർപ്പിക്കുക എന്നത് വിശ്വസിക്കാൻ പോലും പ്രയാസമാണ്. പ്രാർത്ഥിക്കണമെന്നതിനു നല്ല കാരണങ്ങൾ ഉണ്ട്. നമ്മുടെ ജീവിതത്തിൽ പ്രാർത്ഥനക്കു വലിയൊരു പങ്കുവഹിക്കുവാനുണ്ട്. നിങ്ങൾ എന്തുകൊണ്ടു പ്രാർത്ഥിക്കണം?

കാരണം പ്രാർത്ഥന നമ്മെ എളിമപ്പെടുത്തുന്നു.

നാം എത്രമാത്രം ബലഹീനരും പരാശ്രിതരും ആണെന്ന യാഥാർത്ഥ്യം തിരിച്ചറിയാൻ പ്രയാസമാണെന്നു തോന്നുന്നു. കാരണം നാം വീട്ടിൽ ഉപയോഗിക്കുന്ന മിക്കവാറും വസ്തുക്കൾ മറ്റൊന്നിൽ ആശ്രയിച്ചു പ്രവർത്തിക്കുന്നവയാണ്. നാം കടയിൽ നിന്നു സാധനങ്ങൾ വാങ്ങിക്കൊണ്ടു വന്നാൽ അതു പാചകം ചെയ്യാൻ ഇന്ധനത്തിന്റെ ആവശ്യമുണ്ട്. വണ്ടി ഉപയോഗിക്കണമെങ്കിൽ ഇന്ധനം ആവശ്യമാണ്. ജോലി ചെയ്യുന്നവർക്കു ശമ്പളം കൊടുക്കണം. യാത്രക്കു നാം വാഹനങ്ങളെ ആശ്രയിക്കുന്നു. വെളിച്ചത്തിനു വൈദ്യുതിയെ ആശ്രയിക്കുന്നു. വൈദ്യുതിക്കു നാം വെള്ളത്തേയും താപത്തേയും ആശ്രയിക്കുന്നു. വിദ്യാഭ്യാസത്തിനു കുട്ടികൾ അദ്ധ്യാപകരെ ആശ്രയിക്കുന്നു. അവർ പുസ്തകങ്ങളെയും മറ്റു ഉപകരണങ്ങളെയും ആശ്രയിക്കുന്നു. ചുരുക്കി പറഞ്ഞാൽ ആർക്കും ഏകമായി മറ്റാരെയും മറ്റൊന്നിനേയും ആശ്രയിക്കാതെ ജീവിക്കാൻ പ്രയാസം തന്നെയാണ്. ഈ യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. ആർക്കും സ്വയം പര്യാപ്തപദവിയിൽ എത്തി ജീവിക്കാമെന്നു മോഹിക്കണ്ട.

ഈ വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്ന ഒന്നാണ് പ്രാർത്ഥന. യേശു ക്രിസ്തു പറഞ്ഞതുപോലെ നാം അധികം പ്രാർത്ഥിക്കുന്തോറും നാം ദൈവത്തിൽ കൂടുതൽ ആശ്രയിക്കേണ്ട ആവശ്യകതയും ഉണർത്തുന്നു. യേശു തന്റെ ശിഷ്യന്മാരെ പ്രാർത്ഥിപ്പാൻ പഠിപ്പിച്ചപ്പോൾ പറഞ്ഞതു സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ. നിന്റെ രാജ്യം വരേണമേ. നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലേപോലെ ഭൂമിയിലും ആകേണമേ, ഞങ്ങൾക്കു ആവശ്യമുള്ള ആഹാരം ദിനമ്പ്രതി തരേണമേ, ഞങ്ങളുടെ പാപങ്ങൾ ഞങ്ങളോടു ക്ഷമിക്കേണമേ, ഞങ്ങൾക്കു കടം പെട്ടിരിക്കുന്ന എവനോടും ഞങ്ങളും ക്ഷമിക്കുന്നു. ഞങ്ങളെ പരീക്ഷയിൽ കടത്തരുതേ ദുഷ്ടങ്കൽ നിന്നു ഞങ്ങളെ വിടുവിക്കേണമേ (ലൂക്കൊസ് 11:2–4).

✶

# യേശു വേഗം വരുമോ?

## ഗൈ. എഫ് ഹെസ്റ്റർ

ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ചു പുതിയ നിയമ കാലാരംഭം മുതൽ ഊഹാപോഹങ്ങൾ പലതും നടക്കുന്നുണ്ട്. കർത്താവിന്റെ വരവ് അതിശീഘ്രം ഉണ്ടാകുമെന്നു കരുതുന്നവർ ധാരാളം ഉണ്ട്. അവന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്നാണ് അവർ പറയുന്നത്. ദുരുപദേഷ്ടാക്കന്മാർക്കു ഇഷ്ടപ്പെട്ട ഒരു വിഷയമാണിത്. അവർ ഈ വിഷയത്തെ ഏതെല്ലാം വിധത്തിൽ കോട്ടിമറിച്ച് ആളുകളെ വിശ്വസിപ്പിക്കുന്നു എന്നറിയാമോ? റേഡിയോ, ടെലിവിഷൻ, മാസിക, ലഘുലേഖ തുടങ്ങിയ മാദ്ധ്യമങ്ങളെ അവർ ഇതിനായി ഉപയോഗിക്കുന്നു. ഭൂകമ്പമോ, കലാപമോ, ബോംബ് സ്ഫോടനമോ എന്തെങ്കിലും ഉണ്ടായാൽ ഉടനെ അവരുടെ പ്രചരണം കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്നാണ്.

മത്തായി എഴുതിയ സുവിശേഷം 24-ാം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങളുടെ നിജസ്ഥിതി അറിയാതെയാണ് ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നത്. എവിടെയെങ്കിലും കുഴപ്പങ്ങൾ സംഭവിച്ചാൽ അതിന്റെ കാര്യകാരണങ്ങളെ വിവേചിക്കാതെ ഉടനെ വിലയിരുത്തുന്നതു കർത്താവിന്റെ വരവുമായിട്ടാണ്. ദൈവവചനത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സന്ദർഭോചിതമായി മനസിലാക്കണം. കർത്താവു വീണ്ടും വരും എന്ന കാര്യത്തിൽ സംശയമില്ല. നാൾ സമീപിച്ചുകൊണ്ടിരിക്കുന്നു എന്നതും വാസ്തവമാണ്. അതുകൊണ്ടു നാം അന്യോന്യം പ്രബോധിപ്പിച്ചും ജീവിക്കണം (കൊലൊസ്യർ 3:16). അല്ലാതെ അബദ്ധങ്ങൾ പ്രചരിപ്പിക്കുന്നവരുടെ കൂട്ടത്തിൽ നാം അകപ്പെടുകയല്ല വേണ്ടത്.

ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ചു ആരോടും നമുക്കു തർക്കമില്ല. ഞാൻ അതു വിശ്വസിക്കയും പഠിപ്പിക്കയും ചെയ്യുന്നു. ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാൾ സഭയായി കൂടി വന്നു കർത്തൃമേശയിൽ നിന്നു ഭക്ഷിക്കുമ്പോഴൊക്കെയും യേശുക്രിസ്തുവിനെ നാം സ്മരിക്കുന്നു; അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ താൻ വീണ്ടും വരുമെന്നവാഗ്ദാനവും ചെയ്തു. ആ വാഗ്ദാനം ഇന്നും

നിലനിൽക്കുന്നു. ക്രിസ്തുവിന്റെ വീണ്ടും വരവെന്ന പ്രത്യാശയാണ് നമ്മെ ക്രിസ്ത്യാനിത്വത്തിൽ നിലയുറപ്പിക്കുന്നത്. യേശു ക്രിസ്തു തന്റെ ശിഷ്യന്മാർക്കു നല്കിയതായ ഉറപ്പ് ഫലപ്രദമാകും (യോഹന്നാൻ 14:1-3; എബ്രായർ 9:28; പ്രവൃത്തി 1:9-11; 1തെസലൊനിക്യർ 4:16; 2തെസലൊനിക്യർ 1:5-9).

ക്രിസ്തു വീണ്ടും വരുന്ന സമയം വെളിപ്പെടുത്തിയിട്ടില്ല എന്ന സത്യമായ വസ്തുത നിങ്ങളെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. മരണം തീർച്ചയായിരിക്കുന്നതു പോലെ കർത്താവിന്റെ വരവും തീർച്ചയായും സംഭവിക്കും. സമയം ആർക്കും അറിഞ്ഞു കൂടാ. അതു ദൈവമാണ് തീരുമാനിക്കുന്നത്. "എപ്പോൾ എന്നു നിങ്ങൾ അറിയായ്കകൊണ്ട് സൂക്ഷിച്ചു കൊൾവിൻ: ഉണർന്നും പ്രർത്ഥിച്ചും കൊണ്ടിരിപ്പിൻ" (മർക്കൊസ് 13:33). ധാരാളം കാര്യങ്ങൾ മറഞ്ഞിരിക്കുന്നുണ്ട്. അവയിൽ ഒന്നാണ് കർത്താവിന്റെ രണ്ടാം വരവ്. മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമുക്കുള്ളതല്ല; അതു യഹോവയ്ക്കുള്ളതാണ് (ആവർത്തനപുസ്തകം 29:29). ആ നാളും നാഴികയും സംബന്ധിച്ചു പിതാവല്ലാതെ ആരും. സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല (മർക്കൊസ് 13:32). ദൈവ പുത്രനും ദൂതന്മാർക്കും അറിഞ്ഞു കൂടാത്തകാലത്തെയും സമയത്തെയും അറിയിക്കുന്ന കള്ളപ്രവാചകന്മാർ മനുഷ്യരെ തെറ്റിച്ചു കൊണ്ടിരിക്കയാണ്. അതുകൊണ്ടു വളരെ സൂക്ഷിക്കണം.

ക്രിസ്തുവിന്റെ വരവു മുൻകൂട്ടി പ്രവചിച്ച മുമ്പറഞ്ഞ എല്ലാവർക്കും തെറ്റു പറ്റി. അതിൽ അനേകം പേർ വഞ്ചിക്കപ്പെട്ടു. മുൻകാലങ്ങളിൽ ഇങ്ങനെ അറിയിച്ചവർ എല്ലാം മൺ മറഞ്ഞുപോയി. 1843ലും 1844ലും കർത്താവിന്റെ വരവ് സംഭവിക്കും എന്നായിരുന്നു വില്ല്യം മില്ലറുടെ അറിയിപ്പ്. പക്ഷെ രണ്ടു സമയത്തും കർത്താവു വന്നില്ല. മിസിസ് വൈറ്റ് പ്രവചിച്ചത്, കർത്താവ് 1856-ൽ വരുമെന്നായിരുന്നു. അന്നും കർത്താവ് വന്നില്ല. കർത്താവ് വന്നില്ലെങ്കിലും ചില പ്രത്യേക സംഭവങ്ങൾ നടന്നാൽ അതിനെ ന്യായീകരിക്കുന്നവർ ഉണ്ട്. മനുഷ്യരുടെ ഊഹാപോഹങ്ങളെ ഒരിക്കലും വിശ്വസിക്കരുത്.

എവിടെയെങ്കിലും രണ്ടു രാജ്യങ്ങൾ തമ്മിൽ യുദ്ധം പൊട്ടി പുറപ്പെട്ടാൽ ഉടനെ കർത്താവിന്റെ വരവ് അടുത്തിരിക്കുന്നു എന്നു

പറഞ്ഞു കേൾക്കാറുണ്ട്. അങ്ങനെ ഒന്നും സംഭവിക്കുന്നില്ലെങ്കിൽ ആളുകൾ അടങ്ങിയിരിക്കും. "യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ചു കേൾക്കും. ചഞ്ചലപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. അതു സംഭവിക്കേണ്ടതു തന്നെ. എന്നാൽ അതു അവസാനമല്ല (മത്തായി 24:6). ഇത്തരം സംഭവങ്ങൾ നടക്കുമ്പോൾ ഇവർ ആളുകളെ ചഞ്ചലരാക്കുകയാണ്. എന്നാൽ കർത്താവു പറഞ്ഞതു ഇതെല്ലാം സംഭവിക്കേണ്ടതാണ് എന്നത്രേ. അതിൽ നിങ്ങൾ പരിഭ്രമിക്കേണ്ട കാര്യമില്ല. അതൊന്നുമല്ല കർത്താവിന്റെ വരവും ലോകാവസാനവും. ഇതു എല്ലാവരും അറിഞ്ഞിരിക്കണം. കർത്താവിന്റെ വരവിന്റെ സമയം പിതാവിനു മാത്രം അറിയാവുന്നതായിരിക്കെ അവന്റെ വരവിന്റെ ഉദ്ദേശം നമുക്കു പരിശോധിക്കാവുന്നതാണ്. അന്ത്യനാളിലെ ന്യായവിധിക്കായി കർത്താവു വരുന്നു (മത്തായി 25:31-46). താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു; അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയിരിക്കുന്നു (പ്രവൃത്തി 17:31). പുതിയ നിയമ കാലയളവിലെ ജനങ്ങളോടും അതിനു ശേഷമുള്ളവരോടും നല്കിയ സന്ദേശം ഒന്നു തന്നെയാണ്. അതിനു മാറ്റമില്ല. എഴുതിയിരിക്കുന്നതിനു അപ്പുറമായി നാം ചിന്തിക്കരുത് (1കൊരിന്ത്യർ 4:6).

2000 വർഷത്തെ എടുത്തുകൊണ്ടു രണ്ടായിരം ആണ്ടു തികയുകയില്ല എന്നു പറയുന്നവരുണ്ട്. കർത്താവ് അതിനു മുൻപ് വരുമെന്നും ലോകാവസാനം നടക്കുമെന്നുമാണ് അവരുടെ തോന്നൽ. എന്നാൽ തിരുവെഴുത്തു അങ്ങനെ പഠിപ്പിക്കുന്നില്ല. അതെല്ലാം മനുഷ്യരുടെ പ്രചരണം മാത്രമാണ്. ദൈവ വചനത്തെ അറിയാത്തവരും മനുഷ്യരെ വിശ്വസിക്കുന്നവരുമാണ് ഇങ്ങനെയുള്ള വഞ്ചനയിൽ കുടുങ്ങുന്നത്. ദൈവീകകാര്യങ്ങളെല്ലാം നാം അന്ധമായി വിശ്വസിക്കരുത്. ദൈവത്തിന്റെ അരുളപ്പാടുകളെ പരിശോധിച്ച് സ്ഥിരീകരിക്കണം. അതാണ് ഉത്തമന്മാരുടെ ലക്ഷണം.

മത്തായി 24-ാം ആദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന പ്രവചനങ്ങൾ എ.ഡി. 70-ൽ സംഭവിച്ച കാര്യങ്ങളാണ്. അതെല്ലാം ഇനി ഉണ്ടായികൂടെന്നില്ല. പക്ഷെ അത് അങ്ങനെ തന്നെ സംഭവിക്കുമെന്നു കരുതരുത്. എങ്ങനെയായാലും, കർത്താവിന്റെ വരവ് കള്ളനെപോലെ

യായിരിക്കും എന്നതു കൊണ്ടു എല്ലാവരും ഒരുങ്ങിയിരിക്കുന്നതാണ് നല്ലത്. ദൈവ വചനം വിശ്വസിക്കയും മാനസാന്തരപ്പെട്ടു യേശുവിനെ ദൈവപുത്രൻ എന്നു ഏറ്റുപറയുകയും പാപമോചനത്തിനായി സ്നാനം ഏല്ക്കുകയും ചെയ്താൽ നിങ്ങൾ രക്ഷിക്കപ്പെടും.

★

# അതു നിങ്ങളുടെ അഭിപ്രായം

## അലെൻ വെബ്സ്റ്റർ

ആരാധനാ സമയത്ത് എത്രപാട്ടു പാടണം? എത്രപേർ പ്രാർത്ഥിക്കണം? തറയിൽ ഇരിക്കണോ അതോ കസേരയിൽ ഇരിക്കണോ? ആരാധനാ സ്ഥലത്ത് ഇരുന്ന് ആഹാരം കഴിക്കാമോ? ഇങ്ങനെ നിരവധി കാര്യങ്ങൾ നമുക്കെടുക്കാവുന്നതാണ്. ഇങ്ങനെയുള്ള അഭിപ്രായങ്ങളെ കുറിച്ച് നാം മറ്റുള്ളവരെ കുറ്റപ്പെടുത്താവുന്നതല്ല. "അതുകൊണ്ട് നാം ഇനി അന്യോന്യം വിധിക്കരുത്; സഹോദരനു ഇടർച്ചയോ തടങ്ങലോ വെക്കാതിരിപ്പാൻ മാത്രം സൂക്ഷിച്ചുകൊൾവിൻ" (റോമർ 14:13).

അഭിപ്രായ സ്വാതന്ത്ര്യം നാം ഒരിക്കലും മറ്റുള്ളവരെ അടിച്ചേല്പിക്കാൻ ശ്രമിക്കരുത്. എന്റെ അഭിപ്രായത്തോടു എല്ലാവരും യോജിക്കണം എന്ന നിർബന്ധം അരുത്. അങ്ങനെ ചെയ്താൽ മറ്റുള്ളവരെ നാം ബഹുമാനിക്കുന്നില്ല. അന്യോന്യം സ്നേഹിക്കുവാൻ നമുക്കു കഴിയണം. ഓരോ ക്രിസ്ത്യാനിയും സമൂഹത്തിനു കാണിച്ചുകൊടുക്കേണ്ട മാതൃക തിരുവെഴുത്തിൻ പ്രകാരമുള്ളതായിരിക്കണം. വചനത്തിലെ ദൃഷ്ടാന്തം നമ്മിൽ ഉണ്ടായാൽ മാത്രമേ മറ്റുളളവർക്കു നമ്മെ അനുകരിക്കാൻ കഴിയു. ബൈബിളിലെ ദൈവിക തത്വം ആയിരിക്കണം നമ്മുടെ ജീവിതത്തിൽ ഉണ്ടാകേണ്ടത്. ലോകത്തിലെ തത്വവും ദൈവവചനത്തിലെ തത്വവും തമ്മിലുള്ള വ്യത്യാസം നാം തിരിച്ചറിയണം. അഭിപ്രായത്തെക്കാൾ മുല്യം സത്യത്തിനു നാം കൊടുക്കണം.

"അതു നിങ്ങളുടെ അഭിപ്രായം, അതു നിങ്ങളുടെ വിശ്വാസം" എന്നൊക്കെ പറഞ്ഞു ഒഴിഞ്ഞു മാറുന്നവരുടെ യഥാർത്ഥ

പ്രശ്നമെന്താണെന്ന് അറിയണ്ടേ? അവർക്ക് വേദപുസ്തക സത്യങ്ങൾ ഒന്നും അറിഞ്ഞുകൂടാ. അവർ അറിയാൻ ഒട്ടു തല്പരരും അല്ല. അവർ ചെയ്യുന്നതു തെറ്റാണെന്നു സമ്മതിക്കുവാനും തയ്യാറല്ല. അപ്പോൾ രക്ഷപെടാനുള്ള കുറുക്കു വഴി അവർക്കു ഇതു മാത്രം. വിശ്വസിക്കേണ്ട വസ്തുതകളും അഭിപ്രായങ്ങളും വേർതിരിച്ച് അവർ മനസിലാക്കിയാൽ കാര്യം വളരെ എളുപ്പമാകും. ശരിയായ അറിവില്ലാത്തതാണ് ഇതിന്റെ ശരിയായ കാരണം. പഴയ നിയമ കാലത്ത് യിസ്രായേൽ ജനത്തെക്കുറിച്ച് പ്രവാചകൻ പറഞ്ഞതു അതു തന്നെയാണ്. പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചു പോകുന്നു; പരിജ്ഞാനം ത്യജിക്കകൊണ്ടു നീ എനിക്കു പുരോഹിതനായിരിക്കാതവണ്ണം ഞാൻ നിന്നെയും ത്യജിക്കും; നീ നിന്റെ ദൈവത്തിന്റെ ന്യായപ്രമാണം മറന്നു കളഞ്ഞതുകൊണ്ടു ഞാനും നിന്റെ മക്കളെ മറെക്കും" (ഹോശേയാ 4:6). ദൈവേഷ്ടം എന്തെന്നു ദൈവത്തിന്റെ അരുളപ്പാടുകളെ ആളുകൾ വായിച്ച് തിരിച്ചറിഞ്ഞിരുന്നെങ്കിൽ അവർക്കു സത്യം വെളിപ്പെട്ടുമായിരുന്നു.

യേശുക്രിസ്തുവിന്റെ കാലയളവിലും യെഹൂദന്മാർ ദൈവത്തെ കുറിച്ച് അജ്ഞരായി ജീവിച്ചിരുന്നു. അവരുടെ വിശ്വാസമില്ലാത്ത ഹൃദയത്തെ, ഹൃദയ കാഠിന്യത്തെ എല്ലാം യേശുക്രിസ്തു ശാസിക്കുന്നുണ്ട്. അവർ എന്തുകൊണ്ടാണങ്ങനെ ആയതെന്നു കർത്താവ് പറയുന്നുണ്ട്. തിരുവെഴുത്തുകളെയും ദൈവ ശക്തിയെയും അറിയായ്കകൊണ്ടത്രെ അവർ തെറ്റിപ്പോയത് (മർക്കൊസ് 12:24). ഇന്നും അതു തന്നെയാണ് സ്ഥിതി അപ്പൊസ്തലന്മാരുടെ കാലത്തുണ്ടായിരുന്നവരെ കുറിച്ച് പത്രൊസ് പറയുന്നത് അറിവില്ലാത്തവരും അസ്ഥിരന്മാരുമായവർ തിരുവെഴുത്തുകളെ അവരുടെ നാശത്തിനായി കോട്ടികളയുന്നു എന്നത്രേ (2പത്രൊസ് 3:16).. അജ്ഞത പലതും നമുക്ക് നഷ്ടമാക്കും. ദൈവികമായ കാര്യങ്ങൾ അറിയാതിരുന്നാൽ ആത്മാവ് നഷ്ടമാകും എന്നതു സത്യമാണ്. അങ്ങനെ സംഭവിക്കാതിരിക്കേണ്ടതിന്ന് നിങ്ങൾ സത്യം അറിയണം.

# വിധിക്കൽ ദൈവത്തിനു വിടുക

*M.F* ബെയിലി

"വിധിക്കുന്നതു ദൈവത്തിനു വിടുക" എന്നു ആരെങ്കിലും പറയുന്നതു നിങ്ങൾ കേട്ടിട്ടുണ്ടോ? ഈ പ്രസ്താവന കേൾക്കുമ്പോൾ അതു ശരിയാണെന്നു പറയും. ചില സന്ദർഭങ്ങളിൽ അതു ശരിയും മറ്റു ചിലപ്പോൾ അതു തെറ്റുമാണ് എന്നു കാണാം. ദൈവവിധിയെ തെറ്റായി ആളുകൾ ചിത്രീകരിക്കുന്നുണ്ടു എന്നു പറയാതെ തരമില്ല. ദൈവം വിധിച്ചു കഴിഞ്ഞ കാര്യങ്ങളെ ദൈവവിധിക്കായി മാറ്റിവെക്കുന്നതു ഉചിതമല്ല.

ദൈവം വിധിച്ചു കഴിഞ്ഞ കാര്യങ്ങളെ ആളുകൾ ദൈവ വിധിക്കായി നീക്കി വെക്കുന്നത് ഒഴിവുകഴിവുകൾ കണ്ടെത്തുന്നതിനു തുല്യമാണ്. ഉദാഹരണമായി ദൈവം പറഞ്ഞു, "യഹോവ ദൈവം എങ്കിൽ അവനെ അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനുഗമിപ്പിൻ എന്നു പറഞ്ഞു (1 രാജാക്കന്മാർ 16:21). രണ്ടിനും മദ്ധ്യേ ആയിരിക്കാൻ പാടില്ല. രണ്ടു യജമാനന്മാരെ സേവിപ്പാൻ ആർക്കും സാദ്ധ്യമല്ല എന്നു യേശുക്രിസ്തു പറഞ്ഞു (മത്തായി 6:24). ധാർമ്മികമായി ശരിയായതിൽ നിലനിന്ന ആളായിരുന്നു അവൻ. ക്രിസ്ത്യാനികളായി തീർന്ന ഓരോരുത്തരും ദൈവ ഹിതത്തിനു വിപരീതമായ ഒന്നിനും വഴങ്ങി കൊടുക്കരുത്. രക്ഷക്കായാലും, ആരാധനക്കായാലും ക്രിസ്തീയ ജീവിതത്തിനായാലും ശരി. ഏലിയാവ് ഒരു മനുഷ്യനായിരുന്നു. ചിലപ്പോൾ അവൻ നിരുത്സാഹപ്പെട്ടു നിരാശപ്പെട്ടിരുന്നു. മരിക്കാൻ എന്നെ അനുവദിക്കണേ എന്നു ഒരിക്കൽ പ്രാർത്ഥിക്കപോലും ചെയ്തിരുന്നു (1രാജാക്കന്മാർ 19:4). അവൻ മാത്രമെ നീതിമാനായി ഉണ്ടായിരുന്നുള്ളു എന്നവൻ കരുതി.. പഴയ നിയമത്തിൽ മലാഖിയുടെ പുസ്തകത്തിൽ ദൈവം എങ്ങനെയുള്ളവൻ എന്നു പറയുന്നുണ്ട്. "യഹോവ മാറാത്തവൻ"(മലാഖി 3:6). ദൈവത്തിന്റെ നിലവാരത്തിനോ സ്വഭാവത്തിനോ ഒരിക്കലും മാറ്റമുണ്ടാകുകയില്ല എന്നതു വളരെ ആശ്വാസകരമാണ്.

✶

# പാപം അനന്തരാവകാശമായി നമ്മിൽ വരുമോ

**R. ഫ്രെഡറിക്**

പാപം എന്നാൽ നിയമലംഘനമാണ്. അഥവാ അധർമ്മമാണ് പാപം. രണ്ടു വിധത്തിലാണ് ഒരാൾ പാപം ചെയ്യുന്നത്. ഒന്ന്, ദൈവം ചെയ്യുവാൻ കല്പിച്ചിരിക്കുന്നതു ചെയ്യാതിരിക്കുന്നതിലൂടെ, രണ്ട്, ചെയ്യരുതെന്ന് ദൈവം വിലക്കിയിരിക്കുന്ന കല്പനകൾ നാം ചെയ്യുന്നതിലൂടെയാണ്. ഒരു വ്യക്തി തന്റെ ഉള്ളിലും പുറത്തും ചെയ്യാവുന്നതാണ് പാപം. ആദ്യമായി പാപം ലോകത്തിലേക്ക് വന്നതു ആദാമിന്റെ ഭാര്യ ഹവ്വയിലൂടെയാണ്. പക്ഷെ ആദാമും അതിനിരയായി. അതുകൊണ്ടാണ് ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിലേക്ക് വന്നു എന്നു പറഞ്ഞിരിക്കുന്നതു. പാപത്തെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകൾ വ്യാപിച്ചിട്ടുണ്ട്. അതിലൊന്നാണ് പാപം പാരമ്പര്യമായി വരുന്നു എന്ന വിശ്വാസം. അതു വാസ്തവത്തിൽ തിരുവെഴുത്തിന് അന്യമാണ്.

തിരുവെഴുത്ത് ശരിയായി മനസിലാക്കാത്ത ആളുകൾ തിരുവെഴുത്തുകളെ വളച്ചൊടിച്ച് സംസാരിക്കാറുണ്ട്. ചില സമുദായങ്ങളുടെ വിശ്വാസപ്രമാണമനുസരിച്ച് അവർ തിരുവചനത്തെ വ്യാഖ്യാനിക്കാറുണ്ട്. വാസ്തവത്തിൽ തിരുവെഴുത്തിനെ അങ്ങനെ കോട്ടിക്കളയുന്നത് വളരെ അപകടകരമാണ്. അതിനുള്ള ശിക്ഷയും ബൈബിളിൽ വ്യക്തമാക്കിയിട്ടുണ്ട്. പാപത്തോടുകൂടിയാണ് ശിശുക്കൾ ജനിക്കുന്നത് എന്ന് വിശ്വസിക്കുന്ന ആളുകൾ ഇന്നുമുണ്ട്, പാപം ചെയ്യുന്ന ദേഹി മരിക്കും. അല്ലാതെ അപ്പൻ ചെയ്യുന്ന പാപം മകനിലേക്കോ മകന്റെ പാപം അപ്പനിലേക്കോ വരുന്നില്ല. ഓരോരോരുത്തരും വ്യക്തിപരമായി ചെയ്യുന്നതാണ് പാപം(യെഹെസ്ക്കേൽ 18:20). പഴയ നിയമത്തിലും പുതിയനിയമത്തിലും വളരെ സ്പഷ്ടമായി പറഞ്ഞിട്ടുള്ള കാര്യമാണിത്. എന്നിരുന്നാലും ആളുകൾ സമുദായത്തിന്റെ വിശ്വാസത്തിന് അടിമപ്പെടുകയാണ്. അതുകൊണ്ടാണ് ആളുകൾ ശിശുക്കൾക്ക് മാമോദീസ അല്ലെങ്കിൽ ജ്ഞാനസ്നാനം കൊടുക്കുന്നത്.

ആദാമിന്റേയും ഹവ്വയുടേയും പാപത്തോടുകൂടിയാണ് പിന്നീടുള്ള എല്ലാ ശിശുക്കളും ജനിക്കുന്നത് എന്ന മിഥ്യാ ധാരണ സമൂഹത്തിൽ അവർ പരത്തിയിരിക്കുകയാണ്.. ശൈശവ പ്രായത്തിൽ കുട്ടികൾ മരിച്ചുപോയാലോ എന്ന ഭയം നിമിത്തമാണ് അവർക്ക് സ്നാനം കൊടുക്കുന്നത്. വാസ്തവത്തിൽ പുതിയനിയമത്തിൽ യേശു പറയുന്നത് നിങ്ങൾ തിരിഞ്ഞ് ശിശുക്കളേപോലെ ആകാതെ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല എന്നാണ്. തെറ്റിനെ ആളുകൾ ന്യായീകരിപ്പാൻ ശ്രമിക്കുന്നതുപോലെ, ആളുകൾ ദുരുപദേശത്തെയും പല രീതിയിൽ ന്യായീകരിക്കും. കുട്ടികളെ സ്നാനപ്പെടുത്തി ക്രിസ്ത്യാനികളാക്കുന്ന മാതൃക ബൈബിളിൽ ഇല്ല.

ആരംഭത്തിൽ പാപം വന്നതിനെ കുറിച്ച് ഉൽപ്പത്തി പുസ്തകത്തിൽ പറഞ്ഞിരിക്കുന്നത് നമുക്ക് ഒന്നു പരിശോധിക്കാം. ആദാമും ഹവ്വയും ഒരിക്കൽ പാപമില്ലാത്തവരായിരുന്നു. അവരെ ദൈവം ഏദെൻ തോട്ടത്തിലാക്കി. അവിടെ ദൈവം അവർക്ക് ആവശ്യമുള്ളതെല്ലാം നൽകിയിരുന്നു. എന്നേക്കും ജീവിക്കുവാൻ സാധിക്കുന്ന ജീവവൃക്ഷത്തിന്റെ ഫലവും ആ തോട്ടത്തിലുണ്ടായിരുന്നു. തോട്ടത്തിന്റെ നടുവിൽ നില്ക്കുന്ന നന്മതിന്മകളെ കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം ഒഴിച്ച് മറ്റെല്ലാ വൃക്ഷങ്ങളുടേയും ഫലം അവർക്ക് തിന്നാമായിരുന്നു. ആ വൃക്ഷഫലം തിന്നാൽ അവർ മരിക്കുമെന്ന് ദൈവം അവരോട് അരുളിച്ചെയ്തിരുന്നു. എന്നാൽ പിശാച് സർപ്പത്തിന്റെ രൂപത്തിൽ വന്ന് ഹവ്വയെ പ്രലോഭിപ്പിച്ചു. ആ വൃക്ഷഫലം നിങ്ങൾ തിന്നാൽ നിങ്ങളുടെ കണ്ണു തുറക്കും, ദൈവത്തെ പോലെ ആകും എന്നു പറഞ്ഞു. അങ്ങനെ ആ ഭോഷ്ക്ക് അവൾ വിശ്വസിച്ചു.

നന്മതിന്മകളെ കുറിച്ചുള്ള അറിവ് അവരിൽ വന്നപ്പോൾ അതു ശരിയായി വിവേചിക്കുവാൻ അവർക്ക് കഴിയാതായി. നന്മയും തിന്മയും ഇടകലർന്ന് കിടക്കുമ്പോൾ നന്മ മാത്രം ചെയ്യുവാനുള്ള കഴിവ് അവർക്ക് നഷ്ടമായി അങ്ങനെ കുറ്റബോധം ആളുകളെ പിന്തുടരുവാൻ തുടങ്ങി. പാപമാണ് ലജ്ജയും കുറ്റബോധവും കൊണ്ടുവരുന്നത്. അവ പാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണ്. പാപം ചെയ്ത ആദാമിനേയും ഹവ്വയേയും ദൈവം ശിക്ഷിച്ചു. അനുസരണവും അനുസരണക്കേടും മനുഷ്യർക്ക് തിരഞ്ഞെടുക്കാവുന്ന

രീതിയിലായി. പിന്നീട് വരുന്ന തലമുറ അനവധി തെറ്റുകളിലേക്ക് തിരിഞ്ഞു. കഷ്ടതയും വേദനയുമായിരുന്നു ആദ്യപാപത്തിന്റെ അനന്തരഫലം. അതു ദൈവത്തിന്റെ ശാപം മൂലമുണ്ടായതാണ്. പാപത്തിന് അതിന്റേതായ ശിക്ഷയുണ്ട്. പാപം ചെയ്യുന്ന ആളെയാണ് ശിക്ഷിക്കുന്നത്. അല്ലാതെ ഒരാളുടെ തെറ്റിന് മറ്റൊരാളെ ശിക്ഷിക്കുന്നത് നീതിയല്ല. ആത്മികവും ഭൗതികവും ആയ മരണം പാപത്തിന്റെ ഫലമായി ഉണ്ടായതാണ്. മനുഷ്യർ എന്നേക്കും ദൈവവുമായി ജീവിക്കണമെന്ന ആഗ്രഹത്തോടെയാണ് അവൻ മനുഷ്യരെ സൃഷ്ടിച്ചത്. അനുസരണക്കേട് കാണിച്ച മനുഷ്യന് ദൈവവുമായി ബന്ധപ്പെടുവാൻ കഴിയാതെ വന്നു.

ദൈവത്തെ മനുഷ്യൻ അവിശ്വസിക്കുവാൻ പാടില്ല. യഥാർത്ഥ വിശ്വാസം ആളുകളിലുണ്ടെങ്കിൽ അവർ സംശയിക്കുകയോ അനുസരിക്കാതിരിക്കുകയോ ചെയ്യുകയില്ല. ദൈവത്തിന്റെ വ്യക്തമായ നിർദ്ദേശങ്ങളെ നാം അവഗണിക്കരുത്. സങ്കീർത്തനങ്ങൾ 51 എടുത്ത് ദാവീദ് പാപത്തോടുകൂടിയല്ലേ ജനിച്ചത് എന്ന് ചിലർ ചോദിക്കാറുണ്ട്. അവിടെ ദാവീദ് തന്റെ അമ്മയുടെ പാപത്തെ കുറിച്ചാണ് പറയുന്നത്. പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു എന്നാണ് ദാവീദ് പറഞ്ഞിരിക്കുന്നത്. അല്ലാതെ അമ്മയുടെ പാപത്തോടുകൂടെ അവൻ ജനിച്ചു എന്നല്ല. ഞാൻ മുൻപ് സൂചിപ്പിച്ചതുപോലെ ആളുകൾ തങ്ങളുടെ വിശ്വാസമനുസരിച്ച് ബൈബിളിനെ വ്യാഖ്യാനിക്കുന്നതുകൊണ്ടാണ് ഇങ്ങനെ തെറ്റിദ്ധരിക്കുവാനിടയായത്.

മാതാപിതാക്കളുടെ ജീവിതത്തിൽ അവർ പാപം ചെയ്യുന്നു. പാപം ചെയ്യാത്തവരായി ഈ ലോകത്തിലെ മനുഷ്യരിൽ ആരുമില്ല. യേശുക്രിസ്തു മാത്രമാണ് പാപം ചെയ്യാതെ ജീവിച്ചിട്ടുള്ളത്. നീതിമാൻ ആരുമില്ല ഒരുത്തൻപോലുമില്ല. തിരിച്ചറിവിലെത്തിയ എല്ലാവരും ദൈവത്തെ അറിയണം. അവനിൽ വിശ്വസിച്ച് പാപങ്ങളിൽനിന്നു വിട്ടു മാറി പാപമോചനത്തിനായി സ്നാനം ഏല്ക്കണം. ഇതാണ് ദൈവത്തിന്റെ രക്ഷാപദ്ധതി. വചനമാണ് സത്യം.

# മൂപ്പന്മാരെ കൂടാതെയുള്ള സഭ

## ഗ്ലെൻ കോളേ

ക്രിസ്തുവിന്റെ വാഗ്ദാനപ്രകാരം ആണ് സഭ ആരംഭിച്ചത്. പത്രൊസും ശേഷം അപ്പൊസ്തലന്മാരും അവന്റെ കല്പനപ്രകാരം ആദ്യ സുവിശേഷ പ്രസംഗം നടത്തിയപ്പോൾ, അതു കേട്ട് വിശ്വസിച്ച മൂവായിരം പേർ പാപമോചനത്തിനായി മാനസാന്തരപ്പെട്ട് സ്നാനപ്പെട്ടു. രക്ഷിക്കപ്പെട്ടവരെ കർത്താവ് തന്റെ സഭയോട് ചേർത്തുകൊണ്ടിരുന്നു. സഭയുടെ മുൻപോട്ടുള്ള പ്രവർത്തനങ്ങൾക്ക് ദൈവിക നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. യേശു സ്വർഗാരോഹണം ചെയ്തപ്പോൾ പരിശുദ്ധാത്മാവിനെ അപ്പൊസ്തലന്മാരിൽ അയക്കുകയും അവരെ സകല സത്യത്തിലും വഴി നടത്തുകയും ചെയ്തു. പിൽക്കാലത്ത് അപ്പൊസ്തലന്മാരുടെ നിർദ്ദേശപ്രകാരമായിരുന്നു സഭ പ്രവർത്തിക്കേണ്ടത്. അപ്പൊസ്തലനായിരുന്ന പൗലൊസ് തിത്തൊസിന്ന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയത് ശ്രദ്ധേയമാണ്.

" ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നത് ശേഷിച്ച കാര്യങ്ങളെ ക്രമപ്പെടുത്തേണ്ടതിന്നും ഞാൻ നിന്നോട് ആജ്ഞാപിച്ചതുപോലെ പട്ടണം തോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിനും തന്നേ"(തിത്തൊസ് 1:5). ഈ വാക്യത്തിൽനിന്നു താഴെ കൊടുത്തിട്ടുള്ള കാര്യങ്ങൾ നിരീക്ഷിക്കാവുന്നതാണ്.

(1) ദൈവശ്വാസിയനായിരുന്ന ഒരു അപ്പൊസ്തലനായിരുന്നു ഈ നിർദ്ദേശം അവനു നൽകുന്നത്. അത് വെറും ഉദാസീനതയോടെ കരുതേണ്ടതിന്ന് കൊടുത്തതായിരുന്നില്ല. പിന്നെയോ, ഗൗരവമായി നടപ്പാക്കേണ്ടതിന്ന് കൊടുത്ത ഉത്തരവാദിത്വമായിരുന്നു അത്. സഭകളിൽ മൂപ്പന്മാരെ നിയമിക്കുക എന്നത് ദൈവഹിതമായിരുന്നു.

(2) കർത്താവിന്റ സഭകൾ നിലനിന്നിരുന്ന ഓരോ പ്രാദേശിക ഇടവകയിലും മൂപ്പന്മാരെ നിയമിക്കണമായിരുന്നു. മിഷ്ണറി പ്രവർത്തനം നടത്തിയ അപ്പൊസ്തലന്മാർ ഓരോ പട്ടണങ്ങളിലും സഭ ആരംഭിക്കയും അവിടെ മൂപ്പന്മാരെ നിയമിക്കുവാൻ ആജ്ഞാപിക്കയും ചെയ്തിരുന്നു. അവർ സഭ തോറും അവർക്ക് മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വ

സിച്ച കർത്താവിൽ അവരെ ഭരമേൽപിക്കയും ചെയ്തു(പ്രവൃത്തികൾ 14:23).

മുകളിൽ പറഞ്ഞ പ്രസ്താവനകളനുസരിച്ച് മൂപ്പന്മാരുണ്ടാകുന്നതിന് മുൻപ് സഭകളുണ്ടായിരുന്നു എന്ന് സ്പഷ്ടം. മൂപ്പന്മാരെ കൂടാതെ സഭകൾ പ്രവർത്തിച്ചിരുന്നു എന്നതും സത്യമാണ്. അതുകൊണ്ട് ഇന്നും അങ്ങനെ പ്രവർത്തിക്കുന്നതിൽ തെറ്റില്ല. അവർ ആഴ്ച്ചതോറും കൂടിവരികയും അപ്പം നുറുക്കുകയും കൂട്ടായ്മ അനുഭവിക്കയും ചെയ്തു വന്നു. കൂടാതെ സുവിശേഷ പ്രവർത്തനവും നടത്തി വന്നു. അത്തരം സഭാ പ്രവൃത്തികളുടെ ഉദാഹരണം നമുക്ക് പുതിയ നിയമത്തിൽ വായിക്കുവാൻ കഴിയും.

(3) ക്രേത്തയിൽ ചില കാര്യങ്ങൾ കുറവുള്ളതായി അപ്പൊസ്തലൻ കാണുകയും അതു പരിഹരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ദൈവം സഭയെ നോക്കുമ്പോൾ അതിന് അദ്ധ്യക്ഷന്മാരില്ലെങ്കിൽ അത് അവരുടെ ആത്മീയ പ്രവർത്തനങ്ങളേയും വളർച്ചയേയും ബാധിക്കും എന്ന് ദൈവത്തിന് അറിയാം. മൂപ്പന്മാരില്ലാതെയിരിക്കുന്നതാണ് നല്ലതെന്ന വിചാരത്തിൽ യോഗ്യതയുള്ളവരുണ്ടെങ്കിൽ അവരെ നിയമിക്കാതിരിക്കരുത്. സഭ മൂപ്പന്മാരില്ലാതെ നിലനില്ക്കുന്നത് അസാധാരണമല്ല. ഒരു ഇടവകയിൽ മൂപ്പന്മാരെ നിയമിക്കാതിരിക്കുന്നതിനുള്ള വ്യക്തമായ കാരണം, അവിടെ നിശ്ചിത യോഗ്യതയുള്ള ആളുകളില്ല നിയമിക്കുവാൻ എന്നതാണ്. ഇക്കാരണം കൊണ്ട് മൂപ്പന്മാരില്ല എന്നതിന് അവരെ കുറ്റപ്പെടുത്തുവാൻ സാധ്യമല്ല. യോഗ്യതയില്ലാത്തവരെ മൂപ്പന്മാരായി നിയമിക്കുന്നത് പാപമായി ദൈവം കണക്കിടും.(1തിമൊഥെയൊസ് 3:1–7; തിത്തൊസ് 1:6–9).

യോഗ്യതയുള്ളവർ ചെയ്യേണ്ട പ്രവൃത്തികൾ യോഗ്യതയില്ലാത്തവർ ചെയ്താൽ അത് കാര്യക്ഷമമാകയില്ല. പുതിയ ശിഷ്യന്മാരെ മൂപ്പന്മാരായി നിയമിച്ചാൽ അവർ പിശാചിന്റെ തന്ത്രത്തിൽ പെട്ടെന്ന് കുടുങ്ങുവാനിടവരും. വചനം പഠിപ്പിക്കുവാൻ സാമർത്ഥ്യമില്ലാത്തവരെ ആക്കിയാലും അതു ഉദ്ദേശിച്ച ഫലം പുറപ്പെടുവിക്കയില്ല. കുടുംബമില്ലാത്തവരെ സഭ മേയ്ക്കാൻ ആക്കുന്നത് ഗുണകരമല്ല.

✶

# ഏക സഭ

## ബോബി. കെ

തിരുവചനത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിരിക്കുന്നതും മനുഷ്യർ തെറ്റിദ്ധരിക്കയും ചെയ്തിട്ടുള്ളതിൽ ഒന്നാണ് സഭ. സഭ എന്നത് ഒരു കെട്ടിടമായി ആളുകൾ ധരിച്ചുവെച്ചിട്ടുണ്ട്. പക്ഷെ സഭ എന്നത് വിളിച്ചുവേർതിരിക്കപ്പെട്ടവരുടെ കൂട്ടമാണ് സഭ. ഏകരൂപത്തിൽ വ്യക്തികളേയും സ്ഥാപനങ്ങളേയും ബൈബിളിൽ പ്രതിപാദിച്ചിട്ടുള്ളത് നമുക്ക് പരിചയപ്പെടാം. ക്രിസ്തുവല്ലാതെ മറ്റാരും സഭക്ക് പ്രമാണം ഉണ്ടാക്കിയിട്ടില്ല. ഉണ്ടാക്കുവാൻ മറ്റാർക്കും അധികാരവുമില്ല. മനുഷ്യർക്ക് ആവശ്യമുള്ളതെല്ലാം മതിയായ രൂപത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ഒന്നാണ് ബൈബിൾ. "നിന്റെ വചനം എന്റെ കാലിന്നു ദീപവും പാതക്ക് പ്രകാശവുമാകുന്നു"(സങ്കീർത്തനങ്ങൾ 119:105). ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിയിലും വകപ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്ന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു(2തിമൊഥെയൊസ് 3:16, 17). മാനുഷിക കല്പനകളും ഉപദേശങ്ങളും ദൈവം അംഗീകരിക്കയില്ല. അവ മനുഷ്യരെ തമ്മിൽ ഭിന്നിപ്പിക്കുമെന്ന് ദൈവത്തിനറിയാം.

മനുഷ്യരെ എല്ലാവരേയും ഒന്നുപോലെ കാണുന്നത് തിരുവചനത്തിലാണ്. നമ്മുടെ വിശ്വാസത്തിനും പരിശീലനത്തിനും യാതൊരു വൈപരീത്യവുമില്ലാതെ തന്നിരിക്കുന്നതാണ് ദൈവശ്വാസിയ വചനം. ആ ബൈബിളിലെ നിർദ്ദേശങ്ങളാണ് എല്ലാവരും സ്വീകരിക്കേണ്ടത്. പാപികൾക്ക്വേണ്ടി മരിച്ചുയർത്തെഴുന്നേറ്റവൻ മറ്റാരുമില്ല. യേശുക്രിസ്തുവിന്റെ നാമം ഏറ്റവും മേലായ നാമമായി തീരുവാനുള്ള കാരണം അതാണ്. മനുഷ്യർക്ക് രക്ഷ പ്രാപിപ്പാൻ മറ്റൊരു നാമമില്ല(പ്രവൃത്തികൾ 4:12). മനുഷ്യരുടെ ആത്മാക്കളെ പാപത്തിൽനിന്നു മോചിക്കുവാൻ മറ്റാർക്കും സാധ്യമല്ല. ഭൂമിയിൽ പാപങ്ങളെ മോചിക്കുവാൻ മനുഷ്യപുത്രന് മാത്രമെ അധികാരമുള്ളു. പാപമോചനത്തിന് അവൻ പാപമില്ലാത്ത യാഗമർപ്പിച്ച് ദൈവത്തെ പ്രസാദിപ്പിച്ചു എന്നതാണ് അവനെ പ്രത്യേകതയുള്ളവനാക്കിയത്.

ക്രിസ്തു എന്ന ഏക മദ്ധ്യസ്ഥനാണ് ഇന്ന് നമുക്കുള്ളത്. അവൻ നമുക്ക് വേണ്ടി തന്റെ ജീവനെ മറുവിലയായി കൊടുത്തു. അതു കൊണ്ട് നാം ഇന്ന് പ്രാർത്ഥിക്കേണ്ടതു ക്രിസ്തുവിന്റെ നാമത്തിലാ യിരിക്കണം. എങ്കിൽ മാത്രമെ ദൈവം കേൾക്കുകയുള്ളു. ക്രിസ്തു വിനെ അനുഗമിച്ചവരെ ക്രിസ്ത്യാനികൾ എന്നു വിളിക്കുവാനിടയാ യത് അവന്റെ നാമത്തോടുകൂടിയാണ്. നാം വാക്കിനാലോ ക്രിയ യാലോ എന്തു ചെയ്താലും അത് കർത്താവായ യേശുക്രിസ്തു വിന്റെ നാമത്തിൽ വേണം ചെയ്യുവാൻ(കൊലൊസ്യർ 3:17). നാം ക്രിസ്തുവിന്റെ നാമം എടുക്കുമ്പോൾ ക്രിസ്തുവിനെ ആദരിക്കുക യാണ്. അവന്റെ നാമം സ്വീകരിക്കാത്തവർ അവനെ തള്ളിക്കളഞ്ഞി രിക്കയാണ്, അത് അനാദരിക്കലാണ്.

മനുഷ്യനാമങ്ങൾ ക്രിസ്തുവിന്റെ നാമത്തോട് ചേർക്കാവുന്ന തല്ല. ലോകരക്ഷിതാവ് ക്രിസ്തു മാത്രമാണ്. ഒരു മനുഷ്യനും നമ്മെ ആത്മിയമായി രക്ഷിപ്പാൻ സാധ്യമല്ല. സഭയുടെ അടിസ്ഥാനം ക്രിസ്തുവാണ്. അതായത് ക്രിസ്തുവിന്റെ അടിസ്ഥാനത്തിൽ വേണം സഭ നിലനില്ക്കുവാൻ. ക്രിസ്തുവിന്റെ വചനാടിസ്ഥാനത്തിലല്ലാ ത്തവയൊന്നും ക്രിസ്തുവിന്റേതല്ല. "ഞാൻ എന്റെ സഭയെ പണിയും" എന്ന് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു(മത്തായി 16:18).. ഏക വചനത്തിലാണ് പറഞ്ഞിരിക്കുന്നത്. ഏക സഭയാണ് കർത്താ വിനുള്ളത്. എന്നാൽ ലോകത്ത് ധാരാളം സഭകൾ പല പേരുക ളിലും ഉപദേശങ്ങളിലുമുണ്ട്. വ്യത്യാസം നാം തിരിച്ചറിയണം. താൻ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ച സഭ എന്നാണ് പൗലൊസ് പറ ഞ്ഞത്. കൂടാതെ അവൻ സഭക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചു കൊടുത്തു എന്നും പറയുന്നു(എഫെസ്യർ 5:25). ഭൗതികശരീരത്തെ തല നിയന്ത്രിക്കുന്നതുപോലെ ആത്മിയ ശരീരമാകുന്ന സഭയുടെ തല ക്രിസ്തുവാകുന്നു. അതുകൊണ്ട് സഭയെ നിയന്ത്രിക്കുന്നത് ക്രിസ്തുവാകുന്നു. മനുഷ്യർ തള്ളിയതെങ്കിലും ദൈവസന്നിധിയിൽ അവൻ വിലയേറിയ മൂലക്കല്ലായി തീർന്നു. "യേശുക്രിസ്തുവെന്ന അടിസ്ഥാനം ഇട്ടു കഴിഞ്ഞു. ആ ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും അവകാശമില്ല. അങ്ങനെ ഇടുവാൻ ശ്രമിച്ചാൽ തന്നെ അത് നിലനില്ക്കുകയില്ല(1കൊരിന്ത്യർ 3:11).

ഉറപ്പുള്ള അടിസ്ഥാനം ഒന്നു മാത്രമാണെന്ന കാര്യം ആളുകൾ മറക്കുന്നു. ഫലമോ ഭിന്നതകൾക്ക് കാരണമാകുന്നു. രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർക്കുന്നതു ക്രിസ്തുവാണ്, നമ്മെ വീണ്ടെടുക്കുന്നത് ക്രിസ്തുവാണ്. സഭയെ ഒരു ഭൗതിക സംഘടന പോലെ കരുതുന്നവരുണ്ട്. അതു ദൈവികമല്ല. കർത്താവിന്റെ സഭ ഐഹികമല്ല. അത് ആത്മികമാണ്. സഭയുടെ സംഘടനാരീതിയും പ്രവർത്തനങ്ങളുമെല്ലാം ആത്മിയ ഉദ്ദേശത്തോടെയായിരിക്കണം. ക്രിസ്തുവിന്റെ സർവ്വസമ്പൂർണ്ണതയാണ് സഭ. ദൈവം എല്ലാം നിറെച്ചിരിക്കുന്നത് തന്റെ സഭയിലാണ്. സത്യത്തിന്റെ പരിജ്ഞാനവും ദൈവം വെച്ചിരിക്കുന്നത് തന്റെ സഭയിലാണ്. സകല ആത്മികാനുഗ്രഹങ്ങളും ദൈവം വെച്ചിരിക്കുന്നത് തന്റെ സഭയിലാണ്(എഫെസ്യർ 1:20-23). സഭക്ക് പുറത്ത് രക്ഷയില്ല, സഭക്ക് പുറത്ത് ആത്മിയമായ അനുഗ്രഹങ്ങൾ ഒന്നുമില്ല.

സഭ ക്രിസ്തുവിന്റെ മണവാട്ടിയാണ്. അതുകൊണ്ട് അവനെ ആദരിക്കയും അവന്റെ ഉപദേശത്തിൽ നിലനിന്ന് ദൈവേഷ്ടപ്രകാരം അവനെ നമസ്ക്കരിക്കുകയും ചെയ്യണം. ഒരു ഭാര്യ ഭർത്താവിന് കീഴ്പ്പെട്ടിരിക്കുന്നതുപോലെ സഭ കർത്താവിന് കീഴ്പ്പെട്ടിരിക്കണം. ദൈവം ആത്മാവാകുന്നു അവനെ നമസ്ക്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും അവനെ നമസ്ക്കരിക്കണം. ദൈവം നമ്മുടെ ആരാധന സ്വീകരിക്കണമെങ്കിൽ അവന്റെ ഇഷ്ടപ്രകാരം മാത്രമെ ആരാധിക്കാവു. മനുഷ്യരുടെ കല്പനപ്രകാരം നാം ആരാധിച്ചാൽ അത് വ്യർത്ഥമാണ്. അജ്ഞതമൂലം ദൈവത്തെ ആരാധിക്കുന്നതും ദൈവം സ്വീകരിക്കയില്ല. മനുഷ്യരുടെ പാരമ്പര്യപ്രകാരമുള്ള ആരാധനയും ദൈവസന്നിധിയിൽ വ്യർത്ഥമായ ഭജനയാണ്. ശരിയായ അറിവോടെ വേണം നാം ദൈവത്തെ പ്രസാദിപ്പിക്കുവാൻ. പരിജ്ഞാനപ്രകാരമുള്ള ജീവിതമാണ് പ്രയോജനം ചെയ്യുന്നത്. അതുപോലെ നിഷ്ഫല പ്രവൃത്തികൾ നാം ഒഴിവാക്കണം. നിർമ്മല കന്യകയെ പോലെ സഭ വിശുദ്ധിയും വെടിപ്പുമുള്ളതാകണം. ദൈവം നമ്മെ പാപത്തിൽനിന്നു വീണ്ടെടുക്കുന്നത് നാം വിശുദ്ധരും നിഷ്ക്കളങ്കരുമായി ജീവിക്കുവാനാണ്.. സഭയിലായി തീർന്ന ഓരോരുത്തരുടേയും കടമയാണ് ആ വിശുദ്ധി സൂക്ഷിക്കുക എന്നത്.

സഭ വിശ്വാസത്തിലും പരിശീലനത്തിലും ആരാധനയിലും ദൈവേഷ്ടത്തെ മാനിക്കണം. ദൈവത്തിന് കീഴ്പ്പെട്ടിരിക്കുക എന്നതിന് വളരെ പ്രാധാന്യമുണ്ട്. നമ്മുടെ വിശ്വാസവും ആരാധനയും ഹൃദയപൂർവ്വം ആയിരിക്കണം. ഹൃദയശുദ്ധിയാണ് ക്രിസ്ത്യാനികളിൽനിന്ന് ദൈവം പ്രതീക്ഷിക്കുന്നത്. വിശുദ്ധീകരണം കൂടാതെ നമുക്ക് ദൈവത്തെ കാണുവാൻ സാധ്യമല്ല. വിശുദ്ധീകരണം ക്രിസ്തുവിന്റെ വചനത്താലും അവന്റെ രക്തത്താലുമാണ് ലഭിക്കുന്നത്(യോഹന്നാൻ 17:17; 1 യോഹന്നാൻ 1:7, 8). ക്രിസ്തുവിന്റെ കല്പനകളെയും മുന്നറിയിപ്പുകളെയും നാം അവഗണിക്കരുത്. സ്വന്ത ഇഷ്ടത്തെയോ മനുഷ്യരുടെ ഇഷ്ടത്തെയോ മാനിച്ചുകൊണ്ടായിരിക്കരുത് നമ്മുടെ ആരാധന(മത്തായി 15:9). പഴയനിയമത്തിൽ അന്യാഗ്നി ഉപയോഗിച്ച് ദൈവത്തിന് യാഗമർപ്പിച്ചപ്പോൾ അവരെ ദൈവം സ്വർഗത്തിൽ നിന്ന് തീയിറക്കി ദഹിപ്പിച്ചുകളഞ്ഞു. അതുകൊണ്ടു നാം ദൈവത്തെ പരീക്ഷിക്കരുത്. ദൈവത്തിന്റെ നിർദ്ദേശങ്ങളെ എല്ലാം നാം പൂർണ്ണഗൗരവത്തോടെ സ്വീകരിക്കണം.

ദൈവം തന്റെ ഉപദേശരൂപത്തിൽ ഒരു ആരാധനാ ക്രമം വെച്ചിട്ടുണ്ട്. അവയിൽ ഒന്നു കുറഞ്ഞുപോയാൽ ആരാധന പൂർണ്ണമാകയില്ല. കൂടിയാൽ അത് അനാവശ്യവുമാകും. ദൈവം നമുക്ക് വേണ്ടി എന്തെഴുതിയിരിക്കുന്നുവോ അതിൽ നാം തൃപ്തിപ്പടണം. നാം ചിന്തിക്കുന്നതുപോലെയല്ല ദൈവം ചിന്തിക്കുന്നത്. നമുക്ക് ഒരു വഴി ചൊവ്വായി തോന്നും പക്ഷെ അതിന്റെ അന്തമോ മരണവഴിയായിരിക്കും(സദൃശവാക്യങ്ങൾ 14:12). ക്രിസ്തുവിന്റെ വചനത്തെ തള്ളിക്കളഞ്ഞ് ദൈവത്തെയോ ക്രിസ്തുവിനെയോ പ്രസാദിപ്പിക്കാമെന്ന് ധരിക്കരുത്. അതുപോലെ ക്രിസ്തുവിന്റെ സഭയെ തള്ളിക്കളഞ്ഞ് മനുഷ്യനിർമ്മിതമായ സഭയിൽ വിശ്വസിച്ച് ആരാധിക്കുന്നത് ദൈവം സ്വീകരിക്കുകയില്ല എന്നോർക്കുക.

ക്രിസ്തുവിന്റെ വചനപ്രകാരമുള്ള രക്ഷാമാർഗത്തെയും ഉപദേശരൂപത്തെയും തള്ളിക്കളഞ്ഞ് മനുഷ്യരുടെ സമ്പ്രദായമനുസരിച്ചുള്ള നാമധേയവിഭാഗങ്ങളിൽ ഒതുങ്ങി കഴിയുന്നവരെ ദൈവം അംഗീകരിക്കയില്ല എന്നതു തർക്കമറ്റ കാര്യമാണ്.

# തെറ്റായ ഉദ്ദേശങ്ങൾക്കായി ക്രിസ്ത്യാനി ആകൽ

## ഫ്രാൻസിസ് ഡേവിഡ്

ഞാൻ എന്തുകൊണ്ട് ഒരു ക്രിസ്ത്യാനിയായി തീരണം എന്ന ചോദ്യം വളരെ പ്രസക്തമാണ്. അതിനുള്ള കാരണം ഉദ്ദേശത്തെ വ്യക്തമാക്കുന്നു. ക്രിസ്ത്യാനിത്വമെന്നത് ഒരു സംഘടനയോ മതമോ അല്ല. മറിച്ച് ക്രിസ്തുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെട്ടുകൊണ്ടുള്ള ജീവിതമാണ്. അത് തികച്ചും പ്രായോഗികമാണ്. യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ നിരവധി അത്ഭുതങ്ങൾ ചെയ്തിട്ടുണ്ട്. അവൻ ദൈവപുത്രനാണെന്ന് ആളുകളെ ബോധ്യപ്പെടുത്തുന്നതിനായിരുന്നു അത്. അഞ്ച് അപ്പവും രണ്ടുമീനും കൊണ്ട് അയ്യായിരം പേരെ പോഷിപ്പിച്ചിട്ടുണ്ട്. സമൂഹത്തിൽ രോഗവും ദീനവും വ്യാധിയും പിടിപെട്ടവരെ അവൻ സൗഖ്യമാക്കി. അപ്പോളെല്ലാം അവൻ ഈ ലോകത്തിലേക്ക് വന്നതിന്റെ ഉദ്ദേശം വ്യക്തമാക്കി. പക്ഷെ ആളുകൾ പലപ്പോഴും മുഖ്യമായ ഉദ്ദേശത്തെ മറക്കുകയും അപ്രധാനമായവക്ക് പ്രാധാന്യം നൽകുകയും ചെയ്യും.

കാണാതെപോയതിനെ തിരഞ്ഞുരക്ഷിപ്പാനത്രെ മനുഷ്യപുത്രൻ വന്നത്. ആത്മീയ നഷ്ടം ഒഴിവാക്കുവാനായി ദൈവം മനുഷ്യനായി അവതരിച്ചു. അങ്ങനെ ദൈവത്തിൽ നിന്നകന്ന് നിത്യനാശത്തിലേക്ക് പോയവർക്ക് നിത്യരക്ഷ ഒരുക്കുകയായിരുന്നു യേശുവിന്റെ ലക്ഷ്യം. എക്കാലത്തും ആളുകൾ മുൻതൂക്കം കൊടുക്കുന്നത് ഭൗതികമായ കാര്യങ്ങൾക്കാണ്. അതുകൊണ്ടാണ് അവർ ആത്മിയമായി നഷ്ടപ്പെട്ടുപോകുന്നത്. മനുഷ്യനിൽ ഏറ്റവും മുഖ്യമായത് അവനിലെ ആത്മാവാണ്. അതുകൊണ്ടാണ് യേശു ചോദിക്കുന്നത് ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ നിനക്ക് എന്തു പ്രയോജനം? യേശുവിൽ വിശ്വസിച്ചാൽ ഭൗതിക

മായി അനുഗ്രഹിക്കപ്പെടും എന്നു വിചാരിച്ച് പള്ളിയിൽ പോകുന്ന വരുണ്ട്. എന്നാൽ ദൈവം പറഞ്ഞിരിക്കുന്നത് മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടി ഇതെല്ലാം നിങ്ങൾക്ക് ലഭിക്കും എന്നാണ്(മത്തായി 6:33). അതിനുപകരം ആളുകൾ അന്വേഷിക്കുന്നത് ആദ്യം ഭൗതിക കാര്യങ്ങളാണ്. ഉദാഹരണമായി ആളുകൾ ആഹാരം, വസ്ത്രം, പാർപ്പിടം എന്നീ കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നു. വേറെ ചിലർ നല്ല വിവാഹബന്ധങ്ങൾക്കായി ക്രിസ്ത്യാനികളാകാറുണ്ട്. അതൊന്നും ദൈവേഷ്ട പ്രകാരമല്ല. വേറെ ചിലർ ഭൗതികമായി ആളുകളെ സഹായിച്ച് ക്രിസ്ത്യാനികളാകുവാൻ ആകർഷിക്കുന്നുണ്ട്. അതും തെറ്റാണ്. ഇതിനർത്ഥം മറ്റുള്ളവരെ സഹായിക്കരുത് എന്നല്ല. നമ്മെ ദൈവം ആക്കി വെച്ചിരിക്കുന്നത് തന്നെ സൽപ്രവൃത്തികൾക്കാണ്. പക്ഷെ അതു ചെയ്യുമ്പോൾ മറ്റൊരു ഉദ്ദേശവും പാടില്ല എന്നർത്ഥം.

ഭൗതികമായ സഹായവാഗ്ദാനങ്ങൾ നൽകി ആളുകളെ ക്രിസ്ത്യാനികളാക്കുവാൻ യേശു പഠിപ്പിച്ചിട്ടില്ല. നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ എന്നാണ് കർത്താവ് തന്റെ ശിഷ്യന്മാരോട് കൽപിച്ചത്(മത്തായി 28:19). മനുഷ്യരുടെ മുഖ്യ പ്രശ്നം കണ്ടെത്തുന്നതിൽ അവർ പരാജയപ്പെടുന്നു. ദൈവനിഷേധമാണ് ആളുകളുടെ പ്രധാനപ്പെട്ട പ്രശ്നം. അതാണ് ആളുകൾ ആദ്യമായി അംഗീകരിക്കേണ്ടത്. സ്ത്രീ ആയാലും പുരുഷനായാലും ഏതൊരു ജാതിയിലോ മതത്തിലോ പെട്ട വ്യക്തിയായാലും ഈ തിരിച്ചറിവുണ്ടാകണം. അതിന് ദൈവ സഹായം ആവശ്യമാണ്. പാപം ചെയ്യുന്ന വ്യക്തിയിൽനിന്ന് ദൈവം തന്റെ ആത്മാവിനെ എടുത്തുകളയുന്നതുകൊണ്ട് മനുഷ്യൻ പ്രാകൃതനായി തീരുന്നു. ഏതു മനുഷ്യനും പാപം ചെയ്യുന്നതുകൊണ്ട് പാപമോചനം എല്ലാവർക്കും ആവശ്യമാണ്. പാപമോചനത്തിനും, ആത്മിയമായ അനുഗ്രഹങ്ങൾക്കും വേണ്ടി ക്രിസ്ത്യാനി ആകുക.

✶

# വാർത്തകൾ

## മുക്കുപണ്ടം വെച്ച് പണം തട്ടി

മുക്കുപണ്ടം പണയം വെച്ച് പണം തട്ടിയെടുത്ത കേസിൽ അറസ്റ്റിലായ അമ്മയെയും മകളെയും റിമാന്റ് ചെയ്തു. ജില്ലാ സഹകരണബാങ്കിന്റെ മെയിൻ ബ്രാഞ്ചിൽനിന്ന് അവർ 12 ലക്ഷം രൂപയാണ് എടുത്തത്. അപ്രൈസർ ഇല്ലാത്തതുകൊണ്ട് മാനേജർ ആണ് പണയം എടുത്തത്.

✶

## കുട്ടികൾ പ്രകൃതിയെ അറിഞ്ഞ് ജീവിക്കണം

മണ്ണിനേയും, കാറ്റിനേയും, മരത്തെയും അറിഞ്ഞുകൊണ്ട് , പ്രകൃതിയുടെ വൈവിധ്യം മനസിലാക്കി വേണം കുട്ടികൾ പഠിക്കുവാൻ. അവധിക്കാലം, കൃഷി പാഠങ്ങൾക്കും, കളികൾക്കും വായനക്കും, വിനോദത്തിനും വേണ്ടി ആയിരിക്കണം ചെലവഴിക്കുവാൻ. അത് അവർക്ക് പ്രയോജനമാകും.

✶

## പൊലിസ് സ്റ്റേഷനു മുമ്പിൽ വെച്ച് സ്തീ മരിച്ചു

പൊലീസ് സ്റ്റേഷനിലേക്ക് ആട്ടോയിൽ വന്നിറങ്ങിയ സ്ത്രീ കുഴഞ്ഞു വീഴുന്നതു കണ്ട് പൊലീസുകാർ അവരെ ആസ്പത്രിയിലെത്തിക്കുകയായിരുന്നു. പോകുന്ന വഴിയിൽ വെച്ചു അവർ മരിച്ചിരുന്നു. വിഷം ഉള്ളിൽ ചെന്നാണ് മരിച്ചതെന്ന് ഡോക്ടർമാർ പരിശോധിച്ചതിൽനിന്നു കണ്ടെത്തി. വിഷം കഴിച്ചത് ആട്ടോയിൽ വെച്ചായിരിക്കാമെന്ന് സംശയിക്കുന്നു.

✶

*Watch!*

# SATHYANADAM

## TV PROGRAME

**TRUE GOSPEL MESSAGE**

**Speaker:**

**Bro.P.K. VARGHESE**

Saturday **6 am to 6.30 am**

**On JAI HIND CHANNEL**

## മദ്യപാനി വീട്ടമ്മയുടെ കൈ അടിച്ച് ഒടിച്ചു

മദ്യപിച്ചെത്തിയ അയൽവാസി വീട്ടമ്മയുടെ കൈ അടിച്ച് ഒടിക്കുകയും ലീട്ടുപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. മദ്യപിച്ച് ലക്കുകെട്ടയാൾ അയൽവാസിയെ വിറക് എടുത്ത് അടിക്കുവാൻ ശ്രമിക്കുന്നതു തടഞ്ഞ സ്ത്രീയുടെ കയ്യാണ് അടിച്ചൊടിച്ചത്.

✶

## ബാലികയെ പീഡിപ്പിക്കാൻ ശ്രമം

വീട് കാണിച്ചുകൊടുക്കാമെന്ന് പറഞ്ഞ് ഏഴുവയസുകാരിയെ ബൈക്കിൽ കയറ്റി നിർജനപ്രദേശത്ത് കൊണ്ടുപോയി പീഡിപ്പിച്ചശേഷം തിരികെ അതേ സ്ഥാനത്ത് കൊണ്ടുവിട്ടിട്ട് പൊയ്ക്കളഞ്ഞു. കുട്ടി മാതാപിതാക്കളോട് പറയുകയും പൊലീസിൽ പരാതിപ്പെടുകയും ചെയ്തു

✶

## ജയിലിലെ ആത്മഹത്യ

ജില്ലാജയിലിൽ പട്ടാപ്പകൽ യുവാവ് ഫാനിൽ കെട്ടിത്തൂങ്ങി മരിച്ചു. സംഭവത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് പോസ്റ്റ്മാർട്ടം ജനങ്ങൾ തടയുകയുണ്ടായി. സംഭവം ഐജി തലത്തിലുള്ള ഉദ്യോഗസ്ഥനെ കോണ്ട് അന്വേഷിപ്പിക്കാമെന്ന് അധികൃതർ ഉറപ്പു നൽകിയതായും അറിയിച്ചു.

✶

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!

**HEAR THE VOICE OF TRUTH ON RADIO**

# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 April**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/09-11

Licensed to post without prepayment No. KL / TV (N) / WPP/40/2009 -11

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To